ദീപിക

06 May 2017

# ആദ്യ മത്സ്യത്തൊഴിലാളി ദമ്പതികൾക്കു വിവാഹ വാർഷിക ദിനത്തിൽ ആദരം

കൊച്ചി: ഇന്ത്യയിലെ ആദ്യത്തെ മത്സ്യത്തൊഴിലാളി ദമ്പതികളെ അവരുടെ വിവാഹവാർഷിക ദിനത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ആദരിച്ചു. കടലിനെ അറിഞ്ഞും കടലിനോടു കൂട്ടുകൂടിയും വളർന്ന കെ.വി. കാർത്തികേയനു കൂട്ടായി കെ.സി. രേഖയെത്തിയതോടെഇരുവരും കടലിൽ പോയുള്ള മീൻപിടിത്തവും ഒരുമിച്ചാക്കുകയായിരുന്നു. കടലുമായി ബന്ധമില്ലാതെ പട്ടണത്തോടു ചേർന്നു വളർന്ന വ്യക്തിയാണു രേഖ. വിവാഹശേഷം ചെറുവഞ്ചിയിലായിരുന്നു രേഖയുടെ കടൽജീവിതത്തിനു തുടക്കം. ആദ്യത്തെ കുട്ടി ജനിച്ചതിനുശേഷമാണ് ഉൾക്കടലിൽ സ്വപ്നങ്ങൾ വാരിയെടുക്കാൻ ഭർത്താവിനു കൂട്ടായി രേഖയും പോയിതുടങ്ങിയത്. കായൽ മത്സ്യബന്ധനത്തിൽ സ്ത്രീകളുടെ സാന്നിധ്യം നിലവിലുണ്ടെങ്കിലും കടലിൽ മീൻപിടിക്കാൻ സ്ത്രീകൾ പോകുന്നതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മാത്രമല്ല, സ്ത്രീകൾ കടലിൽ പോകുന്നതു ശരിയല്ലെന്നു കരുതുന്നവരുമുണ്ട്. പല എതിർപ്പുകളും മറികടന്ന് കുടുംബം പോറ്റാൻ മത്സ്യബന്ധനം തെരഞ്ഞെടുത്തതിനുള്ള അംഗീകാരമായാണ് സിഎംഎഫ്ആർഐ ദമ്പതികളെ ആദരിച്ചത്. വിവാഹ വാർഷികദിനവും ജന്മദിനവും ഒന്നിച്ച ഇന്നലെത്തന്നെ അംഗീകാരം ലഭിച്ചതിന്റെ സന്തോഷത്തിലാണ് രേഖ. 1998ലായിരുന്നു ഇരുവരുടെയും വിവാഹം. സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് ദമ്പതികൾക്കു പൊന്നാടയും ഉപഹാരവും നൽകി. കടലിൽ കൂടുമത്സ്യകൃഷി നടത്തുന്നതിനായി കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങളെയും ഇവർക്കു സമ്മാനിച്ചു. പഴയ ബോട്ടുമായി മീൻപിടിത്തം നടത്തുന്ന തങ്ങൾക്കു വൻകിട മത്സ്യബന്ധനയാനങ്ങൾക്കൊപ്പം എത്താനാകുന്നില്ലെന്നും കടൽവെള്ളം കയറുന്ന സ്ഥലത്താണു തങ്ങളുടെ വീടുള്ളതെന്നും ദമ്പതികൾ പറഞ്ഞു.




രാജ്യത്തെ ആദ്യ മത്സ്യത്തൊഴിലാളി ദമ്പതികളായ കെ.വി. കാർത്തികേയനും ഭാര്യ കെ.സി. രേഖയ്ക്കും സിഎംഎഫ്ആർഐയിൽ നടന്ന ആദരിക്കൽ ചടങ്ങിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് കടലിൽ കൂടുമത്സ്യകൃഷി നടത്തുന്നതിനായി കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങളെ സമ്മാനിക്കുന്നു